REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ദിത്വാ ചുഴലിക്കാറ്റ് അടുത്ത 24 മണിക്കൂറിനകം തമിഴ്നാട് - പുതുച്ചേരി തീരത്തെത്തുമെന്ന് കാലാവസ്ഥാ വകുപ്പ്. സുരക്ഷാ ഏജൻസികൾ ജാഗ്രതയിൽ.**
- **റായ്പൂരിൽ DGPമാരുടെയും, IG-മാരുടെയും 60-ാമത് അഖിലേന്ത്യാ സമ്മേളനം ഇന്ന് സമാപിക്കും.**
- **പാർലമെന്റ് ശീതകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷി യോഗം രാവിലെ 11ന്.**
- **കൊയിലാണ്ടി MLA കാനത്തിൽ ജമീല അന്തരിച്ചു. മുഖ്യമന്ത്രി പിണറായി വിജയനടക്കം പ്രമുഖർ അനുശോചിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻകി ബാത് രാവിലെ 11ന് ആകാശവാണി, ദൂരദർശൻ ശൃംഖലകളിൽ.**
- **ഇന്ത്യാ ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റാഞ്ചിയിൽ.**

## വാർത്തകൾ വിശദമായി

ദിത്വാ ചുഴലിക്കാറ്റ് വടക്കൻ തമിഴ്നാട് - പുതുച്ചേരി- ആന്ധ്രാ തീരത്തിന് നേരെ നീങ്ങുകയാണെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ അഞ്ച് കിലോമീറ്റർ വേഗത്തിലാണ് കാറ്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. വേദാരണ്യത്തിന് കിഴക്ക് 80 കിലോമീറ്റർ അകലെയും കാരയ്ക്കലിന് 90 കിലോമീറ്റർ അകലെയുമാണ് ഇപ്പോൾ ചുഴലിക്കാറ്റ് കേന്ദ്രീകരിച്ചിരിക്കുന്നത്. അടുത്ത 24 മണിക്കൂറിൽ ചുഴലിക്കാറ്റ് ഇന്ത്യൻ തീരത്ത് എത്തുമെന്നാണ് വിലയിരുത്തൽ.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്......

കടലൂർ, നാഗപട്ടണം, മേഖലയിൽ കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത നൽകിയിട്ടുണ്ട്. ചെന്നൈ, കാഞ്ചിപുരം അടക്കം 12 തീരദേശ ജില്ലകളിൽ സമാന്യം ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. കോസ്റ്റ് ഗാർഡ് അടക്കം സുരക്ഷാ ഏജൻസികൾ ജാഗ്രത പുലർത്തിവരുന്നതായി ആഭ്യന്തരമന്ത്രാലയം അറിയിച്ചു.

കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ചുഴലിക്കാറ്റിനെ നേരിടാൻ ആവിഷ്കരിച്ച നടപടികൾ അവലോകനം ചെയ്തു. റെയിൽ സർവീസുകളെ ചുഴലിക്കാറ്റ് ബാധിക്കാതിരിക്കാൻ ഏർപ്പെടുത്തിയ തയ്യാറെടുപ്പുകളും അദ്ദേഹം പരിശോധിച്ചു. യാത്രക്കാർക്ക് സഹായം നൽകാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന സഹായ ഡെസ്ക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

ശ്രീലങ്കയിലെ ദിത്വാ ചുഴലിക്കാറ്റിൽ കൊളംബോ വിമാനത്താവളത്തിൽ ഒറ്റപ്പെട്ടുപോയ മലയാളികളടക്കം 250 ഓളം യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രമന്ത്രി ഡോ. S ജയശങ്കറിന് കത്തയച്ചു. വിമാനത്താവളത്തിൽ ആവശ്യമായ ഭക്ഷണമോ, വെള്ളമോ, പ്രാഥമിക സൗകര്യങ്ങളോ അവർക്ക് ലഭിക്കുന്നില്ലെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇവർക്ക് സഹായങ്ങൾ ലഭ്യമാക്കാനും തിരികെയെത്തിക്കാനും അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടാണ് കത്ത്.

✪✪✪

റായ്പൂരിൽ പൊലീസ് ഡയറക്ടർ ജനറൽമാരുടെയും, ഇൻസ്പെക്ടർ ജനറൽമാരുടെയും 60-ാമത് അഖിലേന്ത്യാ സമ്മേളനം ഇന്ന് സമാപിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി സമാപന സമ്മേളനത്തിൽ പങ്കെടുക്കും. ഇന്ത്യയുടെ സുരക്ഷാ സംവിധാനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് വിപുലമായ ചർച്ചകൾക്ക് സമ്മേളനം വേദിയായതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ മേഖലയിലെ മികച്ച രീതികളും നൂതനാശയങ്ങളും സമ്മേളനത്തിൽ പങ്കിട്ടതായും പ്രധാനമന്ത്രി വിലയിരുത്തി.

✪✪✪

പാർലമെന്റ് ശീതകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷി യോഗം രാവിലെ 11ന് ന്യൂഡൽഹിയിൽ ചേരും. പാർലമെന്റിന്റെ ഇരു സഭകളിലേയും കക്ഷിനേതാക്കളുമായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു കൂടിക്കാഴ്ച നടത്തും. സഭാ സമ്മേളനം സുഗമമാക്കുന്നതിൽ പ്രതിപക്ഷത്തിന്റെ സഹകരണം തേടിയാണ് സർവകക്ഷിയോഗം വിളിച്ചത്.

ആണവോർജ്ജ ബിൽ, ഇൻഷൂറൻ നിയമഭേദഗതി ബിൽ, ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ബിൽ, ദേശീയ പാത ഭേദഗതി ബിൽ എന്നിവയടക്കം സുപ്രധാന ബില്ലുകൾ ശീതകാല സമ്മേളനത്തിൽ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. നാളെ ആരംഭിക്കുന്ന സമ്മേളന കാലത്ത് ഡിസംബർ 19 വരെ 15 ദിവസം സഭ സമ്മേളിക്കും.

✪✪✪

കൊയിലാണ്ടി MLA കാനത്തിൽ ജമീല അന്തരിച്ചു. ഇന്നലെ രാത്രി 8.45 ഓടെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലായിരുന്നു 59 കാരിയായ അവരുടെ അന്ത്യം .

അർബുദ ബാധിതയായി ഏറെനാളായി ചികിൽസയിലായിരുന്ന അവരെ ഇന്നലെ രാവിലെയാണ് അത്യാഹിതവിഭാഗത്തിൽ പ്രവേശിപ്പിച്ചത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

........വോയ്സ്........

രണ്ട് തവണ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു കാനത്തിൽ ജമീല. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, തലക്കുളത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി, ജില്ലാ പ്രസിഡന്റ് എന്നീ ചുമതലകളും ജമീല വഹിച്ചിട്ടുണ്ട്. 2017 മുതൽ CPIM കോഴിക്കോട് ജില്ലാ കമ്മിറ്റി അംഗമാണ്.

ഭൗതികദേഹം ചൊവ്വാഴ്ച്ച കബറടക്കും. CPIM ജില്ലാ കമ്മിറ്റി ഓഫീസിലും കൊയിലാണ്ടിയിലും പൊതു ദർശനമുണ്ടാകുമെന്ന് പാർട്ടികേന്ദ്രങ്ങൾ അറിയിച്ചു.

കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയനടക്കം പ്രമുഖർ അനുശോചിച്ചു. യാഥാസ്ഥിതിക കുടുംബത്തിൽ നിന്ന് ചെറുപ്രായത്തിൽ തന്നെ കമ്യൂണിസ്റ്റ് പാരമ്പര്യത്തിലേക്ക് വന്ന വ്യക്തിയായിരുന്നു കാനത്തിൽ ജമീലയെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു. സ്പീക്കർ AN ഷംസീർ, മന്ത്രിമാരായ സജി ചെറിയാൻ, വീണാ ജോർജ്, AK ശശീന്ദ്രൻ, PA മുഹമ്മദ് റിയാസ് എന്നിവരും അനുശോചനമറിയിച്ചു.

പ്രതിപക്ഷ നേതാവ് VD സതീശൻ, CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ,CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല , LDF കൺവീനർ TP രാമകൃഷ്ണൻ ,MLA മാരായ KK രമ, ഡോ. MK മുനീർ തുടങ്ങി രാഷ്ട്രീയ സാമൂഹ്യ-സാംസ്കാരിക രംഗത്തെ പ്രമുഖർ അവരുടെ വിയോഗത്തിൽ ദുഃഖവും വേദനയും അറിയിച്ചു.

✪✪✪

നാവികസേനാ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച തിരുവനന്തപുരത്തെത്തും. ശംഖുമുഖം ബീച്ചിലെ ആഘോഷങ്ങളിൽ നാവികസേനയുടെ പോരാട്ട വീര്യം പ്രദർശിപ്പിക്കുന്ന അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി പരിപാടിയ്ക്ക് നേതൃത്വം നൽകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കുന്ന പ്രതിമാസ മൻകി ബാത് രാവിലെ 11ന് ആകാശവാണി, ദൂരദർശൻ ശൃംഖലകളിൽ കേൾക്കാം. മൻ കി ബാത്തിന്റെ 128-ാം പതിപ്പാണിത്. എയർ ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ്, ആകാശവാണി ന്യൂസ്, ദൂരദർശൻ ന്യൂസ് , പ്രധാനമന്ത്രിയുടെ ഓഫീസ്, I & B മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി തത്സമയം ലഭ്യമാണ്. പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിന് ശേഷം പ്രാദേശിക ഭാഷാ പരിഭാഷയും പ്രക്ഷേപണം ചെയ്യും. രാത്രി എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിക്കാൻ ഇനി എട്ടു ദിവസം മാത്രം. ഡിസംബർ ഒൻപതിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടത്തുന്ന തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളിലെ പരസ്യപ്രചാരണം ഏഴിന് അവസാനിക്കും. ഈ ജില്ലകളിൽ പ്രചാരണ രംഗം കൂടുതൽ സജീവമായി.

ഒരു റിപ്പോർട്ട്

.......വോയ്സ്..........

വികസന പ്രവർത്തനങ്ങൾ വിഷയമാക്കി ഭരണ പക്ഷവും, വീഴ്ചകൾ ആയുധമാക്കി പ്രതിപക്ഷ കക്ഷികളും പ്രചാരണത്തിൽ മുന്നേറുകയാണ്. പല വാർഡുകളിലും സ്ഥാനാർഥികൾ ഒന്നും രണ്ടും തവണ വീടുകളിൽ കയറിയിറങ്ങിയും ലഘുലേഖകൾ വിതരണം ചെയ്തും വോട്ടു തേടി കഴിഞ്ഞു.

തദ്ദേശ തിരഞ്ഞെടുപ്പിന്റെ സാഹചര്യത്തിൽ ജനാധിപത്യ പ്രക്രിയയിൽ ചേർത്തുനിർത്തലിന്റെ സന്ദേശവുമായി കോഴിക്കോട്ട് ജനാധിപത്യ ചിത്രമതിൽ ഒരുക്കി. ലീപ് കേരളയുടെ ഭാഗമായാണ് കോർപ്പറേഷൻ ഓഫീസ് പഴയ കെട്ടിടത്തോട് ചേർന്ന മതിലിൽ സമൂഹത്തിന്റെ നാനാ തുറകളിൽപെട്ടവർ ചേർന്ന് ചിത്രങ്ങൾ ഒരുക്കിയത്.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 10 ലക്ഷത്തിന് അടുത്തെത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 75.35% ആണിത്.

വോട്ടർമാരെ കണ്ടെത്താനാകാത്ത ഫോമുകളുടെ എണ്ണം ഒമ്പത് ലക്ഷത്തോളമായി ഉയർന്നെന്നും അദ്ദേഹം പറഞ്ഞു. ഫോമുകൾ സ്വീകരിക്കാനും അപ്‌ലോഡ് ചെയ്യാനും സജ്ജമാക്കിയ ക്യാമ്പുകൾ ഇന്നും പ്രവർത്തിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

ഇന്ത്യാ ദക്ഷിണാഫ്രിക്ക മൂന്ന് മത്സര  ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റാഞ്ചിയിൽ. JSCA ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചക്ക് ഒന്നരയ്ക്കാണ് മത്സരം. കഴുത്തിന് പരിക്കേറ്റ ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന് പകരം  KL  രാഹുലാണ് ടീമിനെ നയിക്കുന്നത്. മുൻ ഇന്ത്യൻ ക്യാപ്റ്റൻ മഹേന്ദ്രസിംഗ് ധോണിയുടെ ഹോം ഗ്രൗണ്ടായ റാഞ്ചിയിൽ കളിക്കുന്നതിൽ പ്രത്യേക സന്തോഷമുണ്ടെന്ന് KL  രാഹുൽ  ഇന്നലെ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന്  മലപ്പുറം FC, തിരുവനന്തപുരം കൊമ്പൻസിനെ നേരിടും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. കൊമ്പൻസിനെതിരെ വിജയിച്ചാൽ മലപ്പുറത്തിന് സെമിഫൈനൽ യോഗ്യത ഉറപ്പിക്കാം. നിലവിൽ പത്തുപോയിന്റോടെ നാലാം സ്ഥാനത്താണ് മലപ്പുറം. കൊമ്പൻസിന് 11 പോയിന്റുണ്ട്.

✪✪✪

രാജസ്ഥാനിൽ ഖേലോ ഇന്ത്യ യൂണിവേഴ്‌സിറ്റി ഗെയിംസ് 2025 ൽ  27 സ്വർണ്ണവും ഒമ്പത് വെള്ളിയും 10 വെങ്കലവും നേടി ഗുരു നാനാക് ദേവ് സർവകലാശാല ഒന്നാം സ്ഥാനം നേടി. 27 സ്വർണ്ണവും ഒമ്പത് വെള്ളിയുമായി ജെയിൻ സർവകലാശാല രണ്ടാം സ്ഥാനത്തും 22 സ്വർണ്ണ മെഡലുമായി ലവ്‌ലി പ്രൊഫഷണൽ സർവകലാശാല മൂന്നാം സ്ഥാനത്തുമുണ്ട്.

✪✪✪

പുരുഷ FIH ഹോക്കി ജൂനിയർ ലോകകപ്പിൽ ഇന്ത്യയ്ക്ക് തുടർച്ചയായ രണ്ടാം വിജയം. ചെന്നൈ എഗ്മോറിലെ മേയർ രാധാകൃഷ്ണൻ ഹോക്കി സ്റ്റേഡിയത്തിൽ രണ്ടാം പൂൾ B മത്സരത്തിൽ ഒമാനെയാണ് ഇന്ത്യ പരാജയപ്പെടുത്തിയത്.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായ കല്ലട ജലോത്സവത്തിൽ കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബിന്റെ വീയപുരം ചുണ്ടൻ ജേതാവായി. ഈ CBL സീസണിൽ വീയപുരത്തിന്റെ ട്രിപ്പിൾ ഹാട്രിക് വിജയമാണിത്. പള്ളാതുരുത്തി ബോട്ട് ക്ലബ്ബിന്റെ മേൽപ്പാടം ചുണ്ടൻ രണ്ടാമതും, നിരണം ബോട്ട് ക്ലബ്ബിന്റെ നിരണം ചുണ്ടൻ മൂന്നാമതും ഫിനിഷ് ചെയ്തു.

✪✪✪

അവകാശങ്ങൾ നേരിയെടുക്കാൻ വിശ്വകർമ്മ സമുദായം ഒറ്റക്കെട്ടായി നിൽക്കണമെന്ന് മന്ത്രി VN വാസവൻ ആവശ്യപ്പെട്ടു. കോട്ടയം മാമൻ മാപ്പിള ഹാളിൽ വിശ്വകർമ്മ സർവീസ് സൊസൈറ്റി സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ വിരാട് വിശ്വകർമ്മ മഹാസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ശബരിമല സ്വർണ്ണ കൊള്ളയിൽ ഉൾപ്പെട്ടവർക്കെതിരെ ശക്തമായ നടപടി ഉണ്ടാകുമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അറിയിച്ചു. കേസിൽ ഉൾപ്പെട്ടവർ എത്ര ഉന്നതരായാലും നടപടി നേരിടേണ്ടിവരുമെന്നും ആരേയും ഗവൺമെന്റും പാർട്ടിയും സംരക്ഷിക്കില്ലെന്നും അദ്ദേഹം കല്പറ്റയിൽ വ്യക്തമാക്കി.

✪✪✪

മെഡിക്കൽ കോളജിലെ ഡോക്ടർമാരും അധ്യാപകരും ചട്ടപ്പടി സമരവും നിസ്സഹകരണ സമരവും ശക്തമായി തുടരുമെന്ന് KGMCTA അറിയിച്ചു. നാളെ മുതൽ മെഡിക്കൽ ബോർഡുകളും ബഹിഷ്കരിക്കുമെന്ന് അവർ പറഞ്ഞു. ഇന്നലെ KGMCTA യുടെ ആഹ്വാന പ്രകാരം മെഡിക്കൽ കോളജുകളിൽ ഡോക്ടർമാർ OP പൂർണ്ണമായും ബഹിഷ്കരിച്ചു.

✪✪✪

കൊല്ലം ജില്ലാ സ്കൂൾ കലോത്സവത്തിൽ ചാത്തന്നൂർ ഉപജില്ല ജേതാക്കളായി. കരുനാഗപ്പള്ളി ഉപജില്ലയ്ക്കാണ് രണ്ടാംസ്ഥാനം.

✪✪✪

കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് ഏഴ് കിലോ കഞ്ചാവ് പിടികൂടി. മൂന്നാം പ്ലാറ്റ്ഫോമിലെ ബെഞ്ചിനടിയിൽ പ്ലാസ്റ്റിക് ചാക്കിൽ സൂക്ഷിച്ച നിലയിലാണ് കഞ്ചാവ് കണ്ടെത്തിയത്. ചാക്കിന്റെ ഉടമയെ കണ്ടെത്താനായിട്ടില്ല.

✪✪✪

*News Editor & News Reader: : അനിൽ ചന്ദ്രൻ*
*NRT:  സയ്യിദ് അലി ശിഹാബ്, സബിത കെ, രജിന കെ*
*DEO: സി കെ സുബോധ്*